## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2008 10.10.2011 - ൽ മറുപടിയ്ക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.എസ്.സി.മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് നടത്തുന്നതിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നിലവിലുണ്ടോ ; | (എ) & (ബി) | നിലവിലുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ ഉപയോഗിച്ചാണ് മെഡിക്കൽ കോളേജുകളിൽ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സുകൾ നടത്തി വരുന്നത്. ടി കോഴ്സിന് ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയുമാണ്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുത കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ; | (സി) | തിയറി ക്ലാസ്സുകൾക്ക് അനാട്ടമി ലക്ചർ ഹാളും എം.എൽ.ടി ഹാളും പ്രാക്ടിക്കലിന് എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾക്കായുള്ള ഹാളും ക്ലിനിക്കൽ പോസ്റ്റിംഗുകൾക്ക് പാത്തോളജി, ബയോകെമിസ്ട്രി, മൈക്രോ ബയോളജി ക്ലിനിക്കുകളുമാണ് ഉപയോഗിച്ചു വരുന്നത്. |
| (ഡി) | ഈ വിദ്യാർത്ഥികൾക്കാവശ്യമായ ഹോസ്റ്റൽ സൗകര്യം നിലവിലുണ്ടോ ; | (ഡി) & (ഇ) | ഇപ്പോൾ ഇല്ല. പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ തന്നെയാണ് ഇവരേയും താമസിപ്പിച്ചിരിക്കുന്നത്. എന്നാൽ 100 വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യത്തോടെ ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി പ്രാരംഭ ഘട്ടത്തിലാണ്. |
| (ഇ) | ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ